# നിളയുടെ ആത്മഗതം

അജിത് എൻ. നായർ



ഞാനാണ് നിള ജീവിക്കുന്നിന്നും
നിങ്ങളിൽ ചിലർ തൻ ഉള്ളിൽ മാത്രം
മൃത്യു പുല്കി ചിരകാലമായി
ആത്മഹത്യയല്ലെന്നതോർക്കണം

ഞാനാണ് നിള, സൗന്ദര്യധാമം
മാമാങ്കവേല നടക്കും നാളിൽ
വള്ളുവനാടിന്റെ ചാവേർപട
നീന്തിത്തുടിച്ചിരുന്നതെന്നിലും

ഞാനല്ലേ ആ നിള ഓർമ്മയില്ലേ
കാമുകഹൃദയങ്ങളിൽ ഒഴുകി
രാസലീലകൾ പാടാതെ പാടി
താളമേളശ്രുതി ഭാവമോടെ

ഞാനാണ് നിള കവിമനസ്സിൽ
പ്രാണനായി കുടികൊണ്ടവളും
ദാഹമായി ഊർന്നിറങ്ങിയതും
മോഹമായി പ്രതിദ്ധ്വനിച്ചതും

ഞാൻ തന്നെയല്ലേ നിള പട്ടിണി-
ക്കോലങ്ങൾക്കു മത്സ്യമെന്നും നല്കി
തൊണ്ടവരണ്ടപ്പോൾ ജലമേകി
ദാഹിക്കുന്നവർക്കാശ്വാസമായി

ഞാൻ തന്നെയാ നിള മണലിനാ-
യെന്നെ പിച്ചിച്ചീന്തിയതു നിങ്ങൾ
എൻ നാഭിയിൽ കട്ടപ്പാരയാഴ്ത്തി
എൻ മാറിൽ വണ്ടി കേറ്റിയിറക്കി

ഞാനൊരു പാവമാം നിളയല്ലേ
ഗംഗയോ ബ്രഹ്മപുത്രയോ അല്ല
യൗവ്വന സ്വപ്നങ്ങൾ നെഞ്ചിലേറ്റി
നിർമ്മലയായൊഴുകിയെന്നുമേ

എന്തിനെന്നെ ബലാത്ക്കാരം ചെയ്തു
എന്തിനെന്നെക്കൊല്ലാതെ കൊന്നതും
നിങ്ങൾക്കു വേണ്ടതെല്ലാം നല്കി ഞാൻ
എന്നിട്ടുമെന്നെ വെറുതെ വിട്ടോ?

പാലക്കാടിനു പൊള്ളുന്നതെന്തേ?
പാടശേഖരം വരളുന്നെന്തേ?
എന്നെയെന്നും ഓർക്കുക നിങ്ങളും
ഞാൻ നിള ഞാൻ തന്നെ രക്തസാക്ഷി!

സ്മാരകം വേണം ഉടനെ തന്നെ,
മന്ത്രിയാൽ വേണം അനാവരണം,
ആരവം വേണം മാമാങ്കം വേണ്ട
കണ്ണീർ പോലുമില്ലെനിക്കു തരാൻ